(1)	(2)	(3)
കോട്ടയം	21	10
എറണാകുളം	22	12
ഇടുക്കി	11	5
തൃശ്ശൂർ	28	10
പാലക്കാട്	17	7
മലപ്പുറം	23	3
കോഴിക്കോട്	20	8
വയനാട്	5	2
കണ്ണൂർ	15	1
കാസറഗോഡ്	13	3

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കടബാദ്ധ്യതകൾ

130 [3656] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ ഇതുവരെയുള്ള കടബാദ്ധ്യതകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കടബാദ്ധ്യത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ജീവനക്കാരെ പിരിച്ചുവിട്ടതിനെ തുടർന്നുണ്ടായ ബാദ്ധ്യത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടനുസരിച്ച് 2002-2003-ലെ പ്രൊവിഷണൽ ഓഡിറ്റു പ്രകാരം സ്ഥാപനത്തിന്റെ കടബാദ്ധ്യത 12,56,27,076.88 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) മുൻകാലങ്ങളിൽ നിന്നും കൂടുതലായി അച്ചടിജോലികൾ സർക്കാരിൽ നിന്നും സ്ഥാപനത്തിന് നൽകിയിട്ടുണ്ട് എന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വിഹിതമായി തുകയൊന്നും ഈ സ്ഥാപനത്തിന് വകയിരുത്തിയിട്ടില്ല. ജീവനക്കാരെ പിരിച്ചുവിട്ടതിനെ തുടർന്ന് 1,94,82,294.15 രൂപയുടെ സാമ്പത്തിക ബാദ്ധ്യത സെന്ററിനുണ്ടായിട്ടുണ്ട് എന്നും ഇതിൽ 31-3-2004 വരെ 16,53,890.00 രൂപ സ്ഥാപനത്തിന്റെ ജനറേറ്റഡ് ഫണ്ടിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാർക്ക് നൽകിയിട്ടുണ്ട് എന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി പഠനം നടത്തുവാൻ RIAB-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

യു. ജി. സി. യുടെ സാമ്പത്തിക സഹായം

131 [3657] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്ന് കേരളത്തിലെ യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും കഴിഞ്ഞവർഷം ഏതെല്ലാം മേഖലകളിൽ എത്ര കോടി രൂപ വീതമാണ് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യയിലെ പഴക്കംചെന്ന യൂണിവേഴ്സിറ്റികൾക്ക് വിവിധ സ്കീമുകളിൽ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ യു.ജി.സി. അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സഹായം കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യു.ജി.സി. യുടെ ധനസഹായം യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും നേരിട്ടാണ് നൽകിവരുന്നത്. അതിനാൽ വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly